നെടുങ്കാട്-കാലടി റോഡുകൾ

97. [2] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിൽ നെടുങ്കാട്—കാലടി റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനമേതുവരെയായി ;

(സി) ഇല്ലെങ്കിൽ നെടുങ്കാട്-കാലടി റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ധനശ്ശേഷിക്കുറവ് നിമിത്തം ഈ റോഡിന്റെ പണി ഇപ്പോൾ ഏറ്റെടുക്കുവാൻ നിവൃത്തിയില്ല.

അദ്ധ്യാപകന്റെ പെറ്റീഷൻ

98. [4] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്ടെ കൽമണ്ഡപം യു. പി. സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും ടി സ്കൂളിലെ ഒരദ്ധ്യാപകൻ ടി സ്കൂളിൽ അനർഹമായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് പാലക്കാട് പോലീസ് സ്റ്റേഷനിലും സർക്കിൾ ഇൻസ്പെക്ടറുടെയും പാലക്കാട് ഡി. എസ്. പി. ക്കും (30—9—63-ൽ) ഓരോ പെറ്റീഷൻ കൊടുക്കുകയുണ്ടായോ ;

(ബി) സ്കൂൾ ഹെഡ്മാസ്റ്ററുടെ അപേക്ഷയെക്കുറിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ടായി.

(ബി) പ്രസ്തുത അദ്ധ്യാപകൻ സ്കൂൾ മാനേജരുടെ ഭർത്താവാണ്. മാനേജർക്കുവേണ്ടി ഒരു ഒഴിവുദിവസം സ്കൂളിൽ ചില അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. മറ്റുള്ള ആരോപണങ്ങളെല്ലാം അന്വേഷണത്തിൽ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിഞ്ഞു.

ആയുർവ്വേദകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ

99. [5] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലുള്ള ആയുർവ്വേദകോളേജുകളിൽ 1963-64 വർഷത്തിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ;

(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) 558 വിദ്യാർത്ഥികൾ.

(ബി) ജാതി തിരിച്ചുള്ള * പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

* Appendix V.

LIBRARY ARCHIVES Kerala Legislative Assembly